തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, സംസ്ഥാനത്തിന്റെ മാംസാഹാരാവശ്യത്തിന്റെ മുഖ്യപങ്കും അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന കന്നുകാലികളിലൂടെയാണ് നിറവേറ്റപ്പെടുന്നത്. ഇന്ധന വിലവർദ്ധനവുമൂലം വാഹനങ്ങളിലൂടെയുള്ള കാലിക്കടത്ത് ചിലവേറിയതാക്കി മാറിയിട്ടുണ്ട്. സാമൂഹ്യ വിരുദ്ധരുടെ ആക്രമണമടക്കം നിരവധി ബുദ്ധിമുട്ടുകൾ കന്നുകാലി വ്യാപാരത്തിൽ ഏർപ്പെട്ടിട്ടുള്ള കച്ചവടക്കാർക്ക് നേരിടേണ്ടിവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ മുഖ്യമായും സംസ്ഥാനത്തിന് പുറത്തുവച്ച് സംഭവിക്കുന്നതാകയാൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. കന്നുകാലികളെ കൊണ്ടുവരുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം നിയമവിധേയമായി കന്നുകാലികളെ കടത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകേണ്ട കാര്യമില്ല. എന്നാൽ രോഗബാധിതരായ കന്നുകാലികളുടെ അനിയന്ത്രിതവും നിയമവിരുദ്ധവുമായ കടത്ത് തടയുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ഗവൺമെന്റ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മിത്തൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നിലവിലുള്ള അറവുശാലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ അടച്ചുപൂട്ടുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. അംഗീകാരമുള്ള അറവുശാലകളില്ലാതെ മൃഗങ്ങളെ കശാപ്പുചെയ്യുന്നത് തടയണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ട്. ജനങ്ങളുടെ മാംസാഹാരാവശ്യങ്ങൾ പരിഗണിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നവീന അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യത വേണ്ടിവരും. സ്ഥലലഭ്യതയും വലിയ പ്രശ്നമാണ്. നഗരസഭകൾക്ക് അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള മൂലധന ചെലവിന്റെ 50 ശതമാനവും ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 10 ലക്ഷം രൂപയോ മൂലധന ചെലവിന്റെ 50 ശതമാനം തുകയോ സർക്കാരിൽ നിന്ന് സാമ്പത്തിക സഹായമായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നതായിരിക്കും.

(30) വിഷ ചികിത്സകർക്കുള്ള ഗ്രാന്റ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, നമ്മുടെ സംസ്ഥാനത്തെ വിഷ വൈദ്യൻമാർ പ്രതിഫലം ആഗ്രഹിക്കാതെ ഏതുസമയത്തും സേവനം നടത്തുന്ന ത്യാഗിവര്യൻമാരാണ്. ഇത്തരം വൈദ്യൻമാർക്ക് നിലവിൽ കിട്ടുന്ന ഗ്രാന്റ് വളരെ തുച്ഛമാണ്. 1972-ൽ 100 രൂപയായിരുന്നത് 1980-ൽ 250 രൂപയായി. 1990-ൽ 400 രൂപയായി. ഏറ്റവും ഒടുവിൽ 1998-ൽ 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നുപറഞ്ഞാൽ ഒരുമാസത്തേയ്ക്ക് 50 രൂപ. വെറ്റില വാങ്ങാൻപോലും തികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അവർ പ്രതിഫലം ഇച്ഛിക്കാതെയല്ലേ പ്രവർത്തിക്കുന്നത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ധാരാളം ഗുളിക അരയ്ക്കാനുണ്ട്. ഇപ്പോൾ വിഷംതീണ്ടിയ ഒരാളെ ചികിത്സിക്കണമെങ്കിൽ 250 രൂപയുടെ ഗുളിക വേണ്ടിവരും. അങ്ങനെ ചിലപ്പോൾ ഒരു ദിവസം രണ്ടു മൂന്ന് ആളുകൾ വരും. അതുകൊണ്ട് ത്യാഗിവര്യൻമാർക്ക് ഗ്രാന്റ് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളത് വളരെ ശരിയാണ്. വർഷങ്ങൾക്കുമുമ്പാണ് വിഷവൈദ്യൻമാരുടെ ഗ്രാന്റ് നാമമാത്രമായ തോതിൽ വർദ്ധിപ്പിച്ചത്. എത്രയും പെട്ടെന്ന് ഇത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതാണ്.

(31) മൊത്തവ്യാപാര മാർക്കറ്റ് റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. ബാബു പോൾ : സർ, കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിന്റെ അധീനതയിലുള്ള മാർക്കറ്റിന് അകത്തും പുറത്തും റോഡുകൾ തകർന്ന് കാൽനടയാത്രപോലും അസാധ്യമായ അവസ്ഥയിലാണ്. ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് മാർക്കറ്റ് കമ്മിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്ക് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ട് ഒരു വർഷത്തിലേറെയായി. ഡയറക്ടറേറ്റിൽനിന്നും ഭരണാനുമതി നൽകാവുന്ന ഈ ഫയൽ കഴിഞ്ഞ ഒരു വർഷമായി ഗവൺമെന്റിന്റെ ഓരോ സെക്ഷനുകൾ മാറി മാറി വട്ടംകറങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരു നിസ്സാര ഫയലിൽ തീരുമാനം എടുക്കുന്നതിന് എത്ര കാലം വച്ചുതാമസിപ്പിക്കാം എന്ന ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന അങ്ങയുടെ കീഴിലെ ഉദ്യോഗസ്ഥൻമാർക്ക് ഒരു അവാർഡ് നൽകണമെന്നും റോഡ് നിർമ്മാണത്തിന് അടിയന്തര അനുമതി നൽകി സഹായിക്കണമെന്നും അത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള മാർക്കറ്റ് കമ്മിറ്റിക്ക് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, മൂവാറ്റുപുഴ മൊത്ത വ്യാപാര മാർക്കറ്റിലെ റോഡ് ടാർ ചെയ്ത് നന്നാക്കുന്നതിന് 17,26,000 രൂപയ്ക്ക് ജില്ലാ കളക്ടർ അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് ഫണ്ടിൽനിന്ന് ഈ തുക ചെലവഴിക്കാനുള്ള അനുമതിക്കായി കൃഷി വകുപ്പ് ഡയറക്ടർ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി നൽകുന്നതിന് ആവശ്യമായ ചില വിവരങ്ങൾകൂടി സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഈ വിവരങ്ങൾ കൃഷി വകുപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ആവശ്യമായ സർക്കാർ ഉത്തരവ് നൽകാൻ കഴിയുമെന്നും കരുതുന്നു

LIBRARY ARCHIVES Kerala Legislative Assembly